ESP... On.13/2/23...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1463*(2)/2020*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **11119**/എസ്.ഐ.സി-ജി 6/20)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി എസ്.മണിമേഖല,
റൂം GE, ആസ്റ്റർ സ്ക്വയർ,
മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം 11.
} **അപ്പീൽ ഹർജിക്കാരി**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
താലൂക്ക് സപ്ലൈ ഓഫീസർ,താലൂക്ക് സപ്ലൈ ഓഫീസ്,
തിരുവനന്തപുരം, വഞ്ചിയൂർ പി.ഒ., പിൻ – 695 035.

2. അപ്പീൽ അധികാരി&
ജില്ലാ സപ്ലൈ ഓഫീസർ,
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ.,
പേരൂർക്കട, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.06.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.10.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27.10.2020 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരി 14.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 29.06.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, വിവരാവകാശ നിയമം ഖണ്ഡിക (8) അനുബന്ധം (ജെ) പ്രകാരം വ്യക്തിഗത വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി 05.12.2020ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി 02.07.2020ൽ ടി ഓഫീസിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസറോട് ഉന്നയിച്ച ചോദ്യം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ടി അപ്പീൽ അപേക്ഷ പരിഗണിക്കാൻ സാധിക്കാതിരുന്നതെന്നും ആയത് 13.07.2020ൽ ഹർജിക്കാരിയെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

ഹർജിക്കാരിയുടെ 14.06.2020ലെ വിവരാവകാശ അപേക്ഷയിന്മേലുള്ള താലൂക്ക് –സപ്ലൈ ഓഫിസർ, തിരുവനന്തപുരത്തിന്റെ 24.11.2020ലെ എ7–144/2020 നമ്പർ കത്തിലെ മറുപടിയുടെ അടിസ്ഥാനത്തിൽ 16.11.2020 തീയതിയിൽ ലഭ്യമായ രണ്ടാം അപ്പീൽ അപേക്ഷയിന്മേൽ ഹർജിക്കാരിയ്ക്ക് നൽകിയ മറുപടി ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരിക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരി സമർപ്പിച്ച ഒന്നാം അപ്പീലിനു അപ്പീലധികാരി മറുപടി ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, തെറ്റായ മറുപടിയാണ് ഹർജിക്കാരിയ്ക്ക് നൽകിയതെന്നു കമ്മീഷനു ബോധ്യമാകുന്നു. ഇപ്രകാരം മറുപടി നൽകിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ 05.12.2020 തീയതിയിലെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരിക്ക് നൽകണമെന്നും രണ്ടു ദിവസത്തിനുള്ളിൽ വിശദമായ മറുപടി നൽകണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 28.12.2022ന് കമ്മീഷനിൽ സമർപ്പിച്ച കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ശ്രീമതി വസന്തകുമാരിയുടെ ഉടമസ്ഥതയിലുള്ള 1103117544-ാം നമ്പർ NPNS കാർഡിലെ അംഗങ്ങളെ കുറിച്ച് ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ടിയാളുടെ മേൽവിലാസത്തിൽ അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/